# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 4148 18.10.2011-ൽ മറുപടിക്ക്

## മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം

**ചോദ്യം**

ശ്രീ. ...തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. റ്റി. എൻ. പ്രതാപൻ
ശ്രീ. അൻവർ സാദത്ത്
ശ്രീ. എം.പി. വിൻസെന്റ്

**ഉത്തരം**

ശ്രീ. എ. പി. അനിൽകുമാർ
(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ | മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം സംബന്ധിച്ച് എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | എ | മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ അദ്ധ്യയന നിലവാരം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി മാത്സ് ലാബ്, അബാക്കസ് ലാബ് എന്നിവ സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>കുട്ടികളുടെ മാനസിക ഉല്ലാസത്തിനും വിനോദത്തിനും ഭൗതിക വികാസം ഉദ്ദേശിച്ചും എം. ആർ. എസ്സുകളിൽ ബാൻഡ് ട്രൂപ്പ്/യോഗ ക്ളാസ്സ്, എൻ. സി. സി/സ്കൗട്ട്സ് മുതലായവ ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേയ്ക്കായി ജീവനക്കാർക്ക് ക്വാർട്ടേഴ്സ് നിർമ്മാണം തുടങ്ങിയ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. |
| ബി | നിലവിലുള്ള റസിഡൻഷ്യൽ സ്കൂളുകളുടെ അറ്റകുറ്റ പ്പണികൾ സമയബന്ധിതമായി തീർക്കുവാൻ നടപടികൾ എടുക്കുമോ; | ബി | റസിഡൻഷ്യൽ സ്കൂളുകളുടെ അറ്റകുറ്റപണികൾ സമയബന്ധിതമായി തീർക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി | പുതുതായി എത്ര മോഡൽ റസിഡൻഷ്യൽ സ്കൂളുകളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്? | സി | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ